ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നം.ഫിൻ.സി 2/140968/2019/എച്ച്.എസ്.ഇ. തീയതി : 01/04/2019.

## സർക്കുലർ

വിഷയം: ഹ.സെ.വി.വ - ഫിനാൻസ് - അംഗപരിമിതരുടെ സഞ്ചാര സ്വാതന്ത്ര്യം - പുതുതായി നിർമ്മിക്കുന്ന പൊതു കെട്ടിടം - സ്കൂൾ, ആഡിറ്റോറിയം എന്നിവയിൽ ഭിന്നശേഷി സൗഹൃദമാക്കുന്നത് - സംബന്ധിച്ച്.

സൂചന : 11.01.2019-ാം തീയതിയിലെ 2729/എസ്.3/എസ്.സി.പി.ഡബ്ല്യു.ഡി. നമ്പർ സർക്കുലർ.

പൊതു സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നത് സംബന്ധിച്ച് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് പുറപ്പെടുവിച്ചിട്ടുള്ള സൂചന സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സ്കൂളുകളിൽ കെട്ടിട നിർമ്മാണം, പുനർനിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് തയ്യാറാക്കി ഹയർ സെക്കന്ററി ഡയറക്ടർക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ സൂചന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷി സൗഹൃദമായ നിർമ്മാണ വ്യവസ്ഥകൾ ചേർത്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
(ഡയറക്ടർക്കുവേണ്ടി)

ഉള്ളടക്കം: (സൂചന സർക്കുലർ)

PA

140968/19/TDHSE

# കേരള സർക്കാർ

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,
സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്,
പൂജപ്പുര, തിരുവനന്തപുരം - 12.
ഫോൺ 0471-2347704.

04 FEB 2019

## സർക്കുലർ

വിഷയം :- എസ്.സി.പി.ഡബ്ല്യൂ.ഡി-പുതുതായി നിർമ്മിക്കുന്ന പൊതു കെട്ടിടങ്ങൾ, സ്കൂൾ, ഹോട്ടൽ, മാൾ, ഹാൾ, ആഡിറ്റോറിയം എന്നിവയിൽ ഭിന്നശേഷി സൗഹൃദമാക്കുന്നത് - സംബന്ധിച്ച്.

---

നം.2729/എസ്3/18/എസ്.സി.പി.ഡബ്ല്യൂ.ഡി തീയതി, തിരുവനന്തപുരം, 11.01.2019

---

പരാമർശം : - 2016 - ലെ Rights of Persons with Disabilities Act.

സൂചനയിലെ ആക്റ്റിൽ കെട്ടിടങ്ങൾ, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, പാർക്കിംഗ് സ്ഥലങ്ങൾ, ടോയിലറ്റ്, ടിക്കറ്റ് കൗണ്ടർ തുടങ്ങി പൊതു സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. സർക്കാർ ഇത് സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടും കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമല്ലയെന്ന് നിരവധി പരാതികൾ ദിനംപ്രതി കമ്മീഷണറേറ്റിൽ ലഭിച്ചു കൊണ്ടിരിക്കുന്നു. ഓഫീസുകൾ, പൊതുകെട്ടിടങ്ങൾ മുതലായവ ഭിന്നശേഷി സൗഹൃദമാക്കിയിരിക്കണം എന്നുള്ള പരാമർശിത നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടുള്ളതാണ് ഇത്. ആയതിനാൽ പുതിയതായി നിർമ്മിക്കുന്ന പൊതു കെട്ടിടങ്ങൾ, സ്കൂൾ, ഹോട്ടൽ, മാൾ,ഹാൾ, ആഡിറ്റോറിയം തുടങ്ങിയ എല്ലാ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമായി നിർമ്മിക്കുന്നതിനായി സ്കെച്ചിൽ ഇതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവർക്കു മാത്രമേ തദ്ദേശ സ്വയം ഭരണ വകുപ്പ്/ പൊതുമരാമത്തു വകുപ്പ് നിർമ്മാണാനുമതി നൽകാവൂ.

ഡോ. ഹരികുമാർ. ജി

അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ ആന്റ്
ഗവ: സെക്രട്ടറി (എക്സ്-ഒഫിഷ്യോ)

എല്ലാ വകുപ്പ് തലവന്മാർക്കും (ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് TVPM)
റെയിൽവെ ഡിവിഷണൽ മാനേജർ, സതേൺ റെയിൽവെ, തിരുവനന്തപുരം.
എല്ലാ സർവ്വകലാശാലാ വൈസ്ചാൻസിലർമാർക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ-
എന്നിവ വഴി വേണ്ട പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി